# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5681** **18.11.2019 ൽ മറുപടിയ്ക്ക്**

## ഐ. സി. ഡി. എസ്. ഓഫീസ് / അംഗൻവാടികളിലെ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംയോജിത ശിശു വികസന ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംയോജിത ശിശു വികസന ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലും വിജിലൻസ് നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1)** മലപ്പുറം ജില്ലയിൽ മഞ്ചേരി, കോഡൂർ, പൂക്കോട്ടൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ അങ്കണവാടികളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് 2015 ൽ നടത്തിയ മിന്നൽ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭക്ഷ്യ സാധനങ്ങൾ അംഗീകൃതമല്ലാത്ത ഏജൻസികളിൽ നിന്നും വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥയായ സൂപ്പർവൈസർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വരുന്നു.<br>**2)** കാസർഗോഡ് ജില്ലയിൽ കാസർഗോഡ് അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, ചെങ്കളം, ബദിയടുക്ക പഞ്ചായത്തുകളിലെ മുക്കംപാറ AWC No.28, AWC No.37 എന്നിവിടങ്ങളിൽ 18.03.2019 ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കാസർഗോഡ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.<br>**3)** 10.07.2019 ൽ കോട്ടയം ജില്ലയിൽ കല്ലറയിലെ സർക്കാർ മഹിളാ മന്ദിരത്തിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.<br>**4)** തലശ്ശേരി സർക്കാർ മഹിളാ മന്ദിരത്തിൽ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത 4.66 ലക്ഷം രൂപ കണ്ടെത്തിയതായുള്ള പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപന സൂപ്രണ്ടിനെതിരെ നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | അംഗൻവാടി സൂപ്പർവൈസർമാർ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ യഥാർത്ഥ കണക്കിനേക്കാൾ പെരുപ്പിച്ച കണക്കാണ് കാണിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; | (ബി) | ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വിറകുകൾ, പച്ചക്കറികൾ എന്നിവ വൻതുകയ്ക്ക് വാങ്ങുന്നതു വഴി സർക്കാരിന് വൻ നഷ്ടം ഉണ്ടാകുന്നത് പരിശോധിക്കുമോ; | (സി) | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അങ്കണവാടികളിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിയ്ക്ക് 2/- രൂപയും വിറകിന് 1/- രൂപയുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്കിലാണ് വിറകിനും പച്ചക്കറിയ്ക്കും തുക അനുവദിയ്ക്കുന്നത്. |
| (ഡി) | അംഗൻവാടികളിൽ നിന്നും വിതരണം ചെയ്യുന്നതിനേക്കാൾ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ പലർക്കും നൽകുന്നതായി വ്യാജരേഖ ചമച്ച് വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.